(ബി) ഉണ്ട്. വാർഡിന്റെ താഴത്തെ നിലയുടെ പണി ഏകദേശം പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ 1999 ഒക്ടോബർ മാസത്തിനുശേഷം റേറ്റ് വർദ്ധിപ്പിച്ച് കിട്ടണമെന്ന ആവശ്യം ഉന്നയിച്ചു കരാറുകാരൻ പണി നിർത്തിവച്ചിരിക്കുകയാണ്.

(സി) ഈ പണിയിൽ നിന്നു ഇപ്പോഴത്തെ കരാറുകാരനെ ഒഴിവാക്കി അയാളുടെ ഉത്തവാദിത്വത്തിൽ ബാക്കി പണി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) ഉണ്ട്. സിമന്റും കമ്പിയും പണി സ്ഥലത്തു നിന്നും നഷ്ടപ്പെട്ടിട്ടുണ്ടെന്ന വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ആയത് പോലീസിനു റിപ്പോർട്ട് ചെയ്തതുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എന്നാൽ ഇതിന്റെ പൂർണ്ണ ഉത്തരവാദിത്വം കരാറുകാരൻ സ്വയം ഏറ്റെടുത്തിട്ടുള്ളതിനാൽ നഷ്ടപ്പെട്ട സാധനങ്ങളുടെ വില കരാറുകാരന്റെ ബില്ലിൽ നിന്നു പിഴപ്പലിശ സഹിതം ഈടാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

(ഇ) ഈ പണിയിൽ നിന്നും ടി കോൺട്രാക്ടറെ ഒഴിവാക്കി അയാളുടെ ഉത്തരവാദിത്വത്തിൽ തന്നെ ബാക്കി പണി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

ചങ്ങനാശ്ശേരി ഗവൺമെന്റ് ആശുപത്രിയിലെ "ജനതാ പേവാർഡ്"

193 (1128) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചങ്ങനാശ്ശേരി ഗവൺമെന്റ് ആശുപത്രിയിലെ കെ.എച്ച്.ആർ. ഡബ്ല്യൂ.എസ്.ന്റെ 'ജനതാ പേവാർഡ്' സ്ഥിതിചെയ്യുന്ന കെട്ടിടം തകർന്ന നിലയിലാണോ ;

(ബി) ആണെങ്കിൽ ഇതിന്റെ പുനരുദ്ധാരണ ജോലികൾ നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഈ കെട്ടിടം പൊളിച്ച് പുതിയ കെട്ടിടം നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) എങ്കിൽ അപകടനിലയിലായ ഈ കെട്ടിടത്തിന്റെ പുനരുദ്ധാരണ ജോലികൾ നടത്തുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അതെ.

(ബി) പുനരുദ്ധാരണ യോഗ്യമല്ലെന്നാണ് പരിശോധനയിൽ കണ്ടത്.

(സി & ഡി) കാര്യമായ അറ്റകുറ്റപ്പണികൾ ചെയ്ത് കെട്ടിടത്തിന്റെ ബലക്കുറവ് പരിഹരിച്ച് നിലനിർത്താൻ കഴിയുമോ എന്നു നോക്കുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly